"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (പി എഫ്) വകുപ്പ്

തിരുവനന്തപുരം തീയതി: 27/01/2021

നം.07/2021 /ധന

പരിപത്രം

വിഷയം:- നിയമനാംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള കുടിശ്ശിക നിലവിലുള്ള പി എഫ് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ ഉ (പി) നം.10/2010/പൊ വി വ തീയതി 12/01/2010

2. സ ഉ (പി) നം.29/2016/പൊ വി വ തീയതി 29/01/2016

3. പരിപത്രം നം.06/2018/ധന തീയതി 10/01/2018

സൂചന 2 പ്രകാരം നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ പെൻഷൻ പറ്റിപ്പോയവർ/പി എഫ് അംഗത്വം നിർബന്ധമല്ലാത്തവർ എന്നിവരൊഴിച്ചുള്ളവരുടെ മുൻകാല ശമ്പള കുടിശ്ശിക ആയതിലെ ഖണ്ഡിക II (6) ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള പി എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്ന് സൂചന 3 പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ശമ്പള കുടിശ്ശിക ഇനത്തിൽ വരുന്ന തുക ജീവനക്കാർക്ക് നേരിട്ട് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ തലങ്ങളിൽ നിന്നുള്ള അപേക്ഷകൾ സർക്കാരിന് വീണ്ടും ലഭിച്ചു വരുന്നതായി കാണുന്നു.

ധനകാര്യ വകുപ്പ് ടി വിഷയം വിശദമായി പരിശോധിക്കുകയും എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ടി കാലയളവിലെ ശമ്പള കുടിശ്ശിക നിർബന്ധമായും അവരുടെ പി എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്നും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞു മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളൂ എന്നും നിഷ്കർഷിക്കുന്നു. എന്നാൽ ടി വർഷ കാലയളവിനുള്ളിൽ സർവ്വീസിൽ നിന്ന് പിരിഞ്ഞു പോകുന്നവർക്കും പി എഫ് അംഗത്വം നിർബന്ധമില്ലാത്തവർക്കും/ നിലവിൽ പി എഫ് ഇല്ലാത്ത പാർട്ട് ടൈം ടീച്ചർമാർക്കും ശമ്പള കുടിശ്ശിക അവരുടെ ബാങ്ക് /ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി നൽകാവുന്നതാണ്.

ടി വിഷയത്തിൽ മുൻപ് തീർപ്പാക്കിയ അപേക്ഷകൾ പുന:പരിശോധിക്കേണ്ടതില്ല.

യമുന വി
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പമേധാവികൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in